## മലപ്പുറം നഗരസഭ

ആർ3-256/19 തിയ്യതി : 26.02.2019

### പുനർലേലം/ ക്വട്ടേഷൻ നോട്ടീസ്

മലപ്പുറം നഗരസഭയുടെ താഴെ പറയുന്ന ഇനങ്ങളുടെ 2019-20 വർഷത്തെ ഫീസ് പിരിക്കുന്നതിനുള്ള ലൈസൻസ് അവകാശം നഗരസഭാ കൗൺസിൽ അംഗീകരിച്ച ലേല നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി പരസ്യ പുനർ ലേലം/ക്വട്ടേഷൻ മുഖേന നൽകുന്നതാണ്.

| ക്രമ നം. | ഇനം | നിരതദ്രവ്യം (രൂപ) |
|---|---|---|
| 1 | ബസ് സ്റ്റാന്റ് ഫീസ് പിരിവ് | 20000 |
| 2 | വ്യവസായ സൈറ്റ് - ഹൗസിംഗ് കോളനി -മേലനുഭവം | 2000 |
| 3 | സാധു ഷോപ്പിംഗ് കോംപ്ലക്സ്- മേലനുഭവം | 1000 |
| 4 | മുനിസിപ്പൽ ബസ് സ്റ്റാന്റ് - ടിവി സ്ഥാപിച്ച് പരസ്യം ചെയ്യൽ | 5000 |

മേൽ ഇനങ്ങളുടെ പുനർ ലേലം 8.3.2019 ന് രാവിലെ 11.00 മണിക്ക് കൗൺസിൽ ഹാളിൽ നടക്കുന്നതാണ്. ക്വട്ടേഷനുകൾ അന്നേ ദിവസം രാവിലെ 10.30 മണിവരെ ഓഫീസിൽ സ്വീകരിക്കുന്നതാണ്.പുനർ ലേലത്തിൽ പങ്കെടുക്കുന്നവർ മേൽ പ്രകാരം നിരതദ്രവ്യം ലേലം നടത്തുന്ന ഉദ്യോഗസ്ഥൻ വശം കെട്ടിവെക്കേണ്ടതും ക്വട്ടേഷൻ നൽകുന്നവർ നിരതദ്രവ്യം നഗരസഭ ഓഫീസ് ഫണ്ടിൽ ഒടുക്കിയതിന്റെ രസീതി ക്വട്ടേഷനോടൊപ്പം അടക്കം ചെയ്യേണ്ടതാണ്. കൂടാതെ ക്വട്ടേഷനോടൊപ്പം മേൽ വിലാസം രേഖപ്പെടുത്തിയ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, ആധാർ കാർഡിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. കുടിശ്ശിക വരുത്തിയവർക്ക് പുനർ ലേലത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല

....

പുനർലേലം നടക്കുന്ന സമയത്ത് ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ ലേലം ചെയ്തു കഴിഞ്ഞാലുടനെ ക്വട്ടേഷനുകൾ തുറക്കുന്നതുമാണ്. ഏറ്റവും കൂടുതൽ തുകയുള്ള പുനർ ലേലം/ക്വട്ടേഷൻ താൽക്കാലികമായി അംഗീകരിക്കുന്നതും, കൗൺസിൽ അംഗീകാരത്തിന് വിധേയമായി സ്ഥിരപ്പെടുത്തുന്നതുമായിരിക്കും. പുനർലേലം സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം കൗൺസിലിൽ നിക്ഷിപ്തമാണ്. പുനർ ലേലം/ക്വട്ടേഷൻ കൊണ്ടയാൾ അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനകം സെക്യൂരിറ്റി ഡെപ്പോസിറ്റും 3 മാസത്തെ ലേല തുകയും നഗരസഭാ ഫണ്ടിൽ ഒടുക്കി 200/-രൂപ മുദ്രപത്രത്തിൽ എഗ്രിമെന്റ് വയ്ക്കേണ്ടതാണ്. മാസവാടക ഓരോമാസവും 10-ാം തിയ്യതിക്കുള്ളിൽ അടവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിയമാനുസൃത പിഴപലിശ ഈടാക്കുന്നതായിരിക്കും. മാസവാടക കൂടാതെ 18% ജി.എസ്.ടി. ഐ.ടി. എന്നിവകൂടെ ഇതോടൊപ്പം അടവാക്കേണ്ടതാണ്. കറന്റ് ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നിവ ലൈസൻസി തന്നെ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ അടവാക്കേണ്ടതാണ്. ലേലം കൊണ്ടയാൾ യഥാസമയം തുക ഒടുക്കി എഗ്രിമെന്റ് വയ്ക്കാത്ത പക്ഷം ടിയാളുടെ നഷ്ടോത്തരവാദിത്വത്തിൽ വീണ്ടും പുനർ ലേലം/ക്വട്ടേഷൻ ചെയ്യുന്നതും കൂടാതെ ലേല നിബന്ധനകളിൽ വീഴ്ച വരുത്തുന്നവരുടെ ലൈസൻസി അവകാശം റദ്ദ് ചെയ്യുന്നതും ടിയാൻമാരുടെ നഷ്ടോത്തരവാദിത്വത്തിൽ വീണ്ടും പുനർലേലം/ക്വട്ടേഷൻ ചെയ്യുന്നതുമായിരിക്കും.

പുനർ ലേലം/ക്വട്ടേഷൻ ദിവസം ആകസ്മിക അവധി പ്രഖ്യാപിക്കുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സമയത്ത് പുനർ ലേലം/നടത്തുന്നതായിരിക്കും.

Pin-676 505
Ph: 2734228
മലപ്പുറം

സെക്രട്ടറി
മലപ്പുറം നഗരസഭ

പകർപ്പ്:
1) ശ്രീ. ഇസ്മയിൽ.സി
2) ശ്രീ. അബ്ദുന്നാസർ വലിയാട്ടിൽ
(റവന്യൂ ഇൻസ്പെക്ടർ ലേലം നടത്തുന്നതിന്.)